# ആധുനിക ധൈഷണികത:

## ഡോ. കെ.എൻ. പണിക്കർ, കെ. സച്ചിദാനന്ദൻ, ബി. രാജീവൻ എന്നിവരുടെ സാമൂഹിക വിമർശനരീതികളെക്കുറിച്ച് ഒരവലോകനം

**ജയരാജൻ.പി.**

ഗവേഷകൻ, മലയാള-കേരളപഠനവിഭാഗം, കാലിക്കറ്റ്സർവ്വകലാശാല.

ചരിത്രപഠനവും സാംസ്കാരിക പ്രവർത്തനവും കൊണ്ട് കേരളീയ സമൂഹത്തിൽ നവോത്ഥാനചിന്തയുടെ അഗ്നിപടർത്തുന്ന ചരിത്രകാരനാണ് ഡോ. കെ.എൻ. പണിക്കർ. ഗ്രാംഷിയൻ ആശയപ്രപഞ്ചം ഒരു ഉറവിടമായി കണ്ടുകൊണ്ട് ചരിത്രത്തെ വ്യാഖ്യാനിക്കുന്ന സമ്പ്രദായം മലയാളസാഹിത്യത്തിൽ ഉദ്ഘാടനം ചെയ്തത് കെ.എൻ. പണിക്കരാണ്. ആധുനിക കേരളത്തിന്റെ നവോത്ഥാനപശ്ചാത്തലം, അതിന്റെ ചരിത്രപരമായ പരിപ്രേക്ഷ്യം എന്നിവ തേടുന്ന സർഗ്ഗാത്മകപ്രവർത്തനത്തിൽ വർഷങ്ങളായി ഏർപ്പെട്ടുകൊണ്ടിരിക്കുകയാണദ്ദേഹം. സാംസ്കാരിക ഭൗതികവാദത്തിന്റെ ഛായ അദ്ദേഹത്തിന്റെ സമൂഹവിമർശനത്തിലും സാംസ്കാരികപ്രവർത്തനത്തിലും അടങ്ങിയിരിക്കുന്നുണ്ട്. ഇങ്ങനെ സാംസ്കാരികവിമർശവും ചരിത്രരചനയും ഒന്നിച്ചുകൊണ്ടുപോകുന്ന രീതി സമകാലിക കേരളീയ അക്കാദമികരംഗത്തെ ഏറെ സ്വാധീനിച്ച ഒന്നാണ്. അതു പിൻപറ്റിക്കൊണ്ട് അദ്ദേഹം ഇന്ത്യയിലേയും കേരളത്തിലേയും നവോത്ഥാന പാരമ്പര്യത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന പരിണാമത്തെ നിരീക്ഷിക്കുന്നത് കാണുക: 'നാം മധ്യവർഗ്ഗസംസ്കാരത്തിന്റെ ഇരകളായി മാറിയിരിക്കുന്നു. അഖിലേന്ത്യാ തലത്തിൽതന്നെ ഈ പ്രവണത ശക്തമാണ്. സാംസ്കാരികവും ധൈഷണികവുമായ പിന്നോക്കാവസ്ഥയിലാണ് നമ്മുടെ മധ്യവർഗ്ഗം. ആഗോളവത്കരണത്തിന്റെ സ്വാധീനംമൂലം, ആവശ്യങ്ങളെയും അഭിലാഷങ്ങളെയും സ്വയം

തിരിച്ചറിയാൻ കഴിയാത്ത പരിതഃസ്ഥിതിയാണ് അവർക്കുണ്ടായിരിക്കു ന്നത്. സാമൂഹ്യനീതിയിൽ വിശ്വസിക്കാത്ത ഒരു മധ്യവർഗം. ഇതിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്ന മാധ്യമലോകവും'[1]

നാം നവോത്ഥാനത്തെ മനസ്സിലാക്കുന്നത് ജ്ഞാനോദയവുമായി ബന്ധപ്പെട്ട പരികല്പനകളിൽക്കൂടിയാണ്. നവോത്ഥാനം തീർത്ത സാം സ്കാരികനിർമ്മിതിയെക്കുറിച്ച് വിശദീകരിക്കുമ്പോൾ പലപ്പോഴും സാ ഹിത്യകൃതികളെ പണിക്കർ അത്തരം ചർച്ചയ്ക്കു വിഷയമാക്കുന്നുണ്ട്. 'ഇന്ദുലേഖ' പോലുള്ള മലയാളകൃതികളെ പരാമർശിക്കുന്നത് അത്തരം അവസരങ്ങളിലാണ്. അതിലെ പതിനാലാം അധ്യായം ബംഗാളിലും മഹാരാഷ്ട്രയിലും ഉണ്ടായ നവോത്ഥാന ആശയങ്ങളുടെ സ്വാധീനമാണ്. അതുപോലെ സ്ഥാപന കേന്ദ്രീകൃതമായ മതവ്യവസ്ഥയുടെ അധികാര പ്രയോഗങ്ങളെയും പ്രത്യയശാസ്ത്രധർമ്മത്തെയും റാം മോഹൻ റോയ് ചോദ്യം ചെയ്തത് സൂചിപ്പിക്കുമ്പോൾ 'യുക്തി സമ്മാനിക്കുന്ന സ്വാത ന്ത്ര്യബോധമാണ് ഇന്നു നമുക്കു നഷ്ടമായിരിക്കുന്നത്. അങ്ങനെ നവോ ത്ഥാന പൈതൃകവും നമുക്കു നഷ്ടമായിരിക്കുന്നു. ഇന്ന് നമ്മുടെ ചോദ്യ ങ്ങൾ ആൾദൈവങ്ങൾക്കുമുമ്പിലാണ് സമർപ്പിക്കുന്നത്'[2] എന്നാണ് കേ രളീയ അവസ്ഥയെ പണിക്കർ അവതരിപ്പിക്കുന്നത്. പുരോഗമന ആശ യങ്ങൾ പുലർത്തുന്ന കുടുംബങ്ങൾപോലും പ്രതിലോമപരമായ ആശയ ങ്ങൾ ഉത്പാദിപ്പിക്കുന്ന കേന്ദ്രമായി മാറിയിരിക്കുന്നു എന്നുകൂടി സൂചി പ്പിക്കുന്നുണ്ട് അദ്ദേഹം.

നവോത്ഥാനം മുന്നോട്ടുവെച്ച് പുതിയ മനുഷ്യന്റെ ഉദയം എന്ന സങ്ക ല്പം ഇന്ത്യയിൽ സംഭവിച്ചു എന്നു പറയാൻ പണിക്കർ തയ്യാറല്ല. മറി ച്ച് ഇന്ത്യയിലെ സമൂഹംകണ്ടത് സാമൂഹികവും മതപരവുമായ പരിഷ്ക രണമാണെന്നാണ് അർഥമാക്കുന്നത്. ഇന്ത്യയിലേയും കേരളത്തിലേ യും നവോത്ഥാനനായകരെ അവർക്ക് അധീനതയിലല്ലാത്ത ശക്തി കൾ തോല്പിച്ചു. കൊളോണിയലിസത്തിന്റെ ആധിപത്യത്തെ നേരി ടാൻ അങ്ങനെ കഴിവില്ലാതെപോയി. പകരം യാഥാസ്ഥിതികശക്തി കൾ ആ സ്ഥാനം കൈവശപ്പെടുത്തി. നവോത്ഥാനസങ്കല്പത്തെ പല തരത്തിൽ കാണുന്നവരെ പണിക്കർ എതിരിട്ടിട്ടുണ്ട്. പാശ്ചാത്യലിബ റലിസത്തിന്റെ സന്തതിയാണതെന്ന കാഴ്ചപ്പാടിനോട് അദ്ദേഹം യോ ജിക്കുന്നില്ല. എങ്കിലും പാശ്ചാത്യസ്വാധീനം അതിൽ ഉൾച്ചേർന്നിരി ക്കുന്നുവെന്ന വാദത്തോട് അദ്ദേഹം അനുകൂലിക്കുന്നുണ്ട്.

ഇന്ത്യയിലേക്കുവന്ന അധിനിവേശശക്തികൾ ഇവിടുത്തെ ഭരണസംവിധാനം രൂപപ്പെടുത്തുന്നതിനുവേണ്ട പദ്ധതികൾ

ആവിഷ്കരിക്കുന്നതിനുവേണ്ടി നടത്തിയ തന്ത്രങ്ങൾ ഇവിടത്തെ ജ്ഞാനാടിത്തറയായിരുന്നു. വിഭവങ്ങളെ എങ്ങനെ ഉപയോഗപ്പെടുത്തി എന്ന കണ്ടെത്തലുകൾ പണിക്കർ നടത്തുന്നത് ചരിത്രപഠനങ്ങളുടെ വ്യത്യസ്തങ്ങളായ പഠനരീതികൾ ഉപയോഗിച്ചാണ്. ഗ്രന്ഥവിജ്ഞാനീയത്തിലായിരുന്നു അവരുടെ ശ്രമങ്ങൾ പിന്നീട് ഹിന്ദുനിയമങ്ങൾ ക്രോഡീകരിക്കാനും ഇന്ത്യൻ ഇതിഹാസങ്ങൾ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യാനുമൊക്കെയായിരുന്നു നാഥാനിയേൽ ഹാൽഹെഡിന്റെ ശ്രമങ്ങൾ ഇത്തരം മനോഭാവമായിരുന്നുവെന്നും വിലയിരുത്തപ്പെടുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് പണിക്കരുടെ നിരീക്ഷണങ്ങൾ ശ്രദ്ധിക്കുക: 'ഏഷ്യാറ്റിക് സൊസൈറ്റിയുടെ പ്രോത്സാഹനത്തിൽ നടന്ന ഗവേഷണങ്ങൾ ഇന്ത്യൻ സംസ്കാരത്തെക്കുറിച്ചുള്ള അറിവുകൾ വെളിച്ചത്തെത്തിച്ചു. ഇതു ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ രണ്ട് ആവശ്യങ്ങളെ പൂർത്തീകരിച്ചു. ഒന്ന്: ഭൂതകാലനേട്ടങ്ങൾ അധഃപതിച്ച വർത്തമാനകാലത്തെ ഉയർത്തിക്കാണിക്കുവാൻ സഹായകമായി. അത് അധിനിവേശ ഇടപെടലിന്റെ സാംഗത്യത്തെ വിശദീകരിക്കുകയും ന്യായീകരിക്കുകയും ചെയ്തു. രണ്ട്: കീഴടക്കപ്പെട്ടവരുടെ ലോകത്തെക്കുറിച്ച് വിലമതിക്കാനാവാത്ത ഉൾക്കാഴ്ചകളാണ് അവ അധിനിവേശിത ഭരണാധികാരികൾക്കു നൽകിയത്. അങ്ങനെ അവ രണ്ടും അധിനിവേശ നിയന്ത്രണത്തിന്റെ പ്രധാനഭാഗങ്ങളായി'[3]. രാഷ്ട്രത്തിന്റെ മറ്റൊന്ന് കൈവശപ്പെടുത്തുന്ന പ്രക്രിയയായി എഡ്വേഡ് സെയ്ദ് ഇതിനെ വ്യാഖ്യാനിച്ചത് പണിക്കർ ഉദ്ധരിക്കുന്നുണ്ട്.

അധിനിവേശഭരണം അധിനിവേശിതരുടെ ലോകത്തേയ്ക്ക് എത്തിയത് ചില സാംസ്കാരിക മാതൃകകൾ ദാനംചെയ്താണ്. അച്ചടി ഇതിനുള്ള മാധ്യമമായി. അച്ചടിയ്ക്കപ്പെട്ട വാക്കുകൾ ജനങ്ങൾക്ക് പുതിയ ബോധം നൽകാൻ പര്യാപ്തമാക്കപ്പെട്ട തരത്തിൽ സൃഷ്ടിക്കപ്പെട്ടതായിരുന്നു. ഇത് ഒരു പുതിയ സാംസ്കാരിക അഭിരുചി വളർത്തുന്നതിലും വ്യാപിപ്പിക്കുന്നതിലും സഹായകമാവുന്നു. ഇംഗ്ലീഷ് ഭാഷയിൽ മാത്രമല്ല ഇന്ത്യയിൽ എല്ലാ ഭാഷകളിലും ഇതിന്റെ സംസ്കാരം വ്യാപിച്ചു. ഇവിടെയാണ് പണിക്കർ കാണുന്ന ഫാസിസരീതിയിലുള്ള അധീശത്വപ്രത്യയശാസ്ത്രത്തിന്റെ വ്യാപനശേഷിയുടെ പ്രത്യേകത. പൗരസ്ത്യസംസ്കൃതിയെ തിരസ്കരിക്കാതെയും അതേസമയം, പടിഞ്ഞാറൻസംസ്കാരത്തിന്റെ അംശങ്ങളെ ചെറുപ്രായത്തിൽതന്നെ കുട്ടികളിലൂടെ പ്രചരിപ്പിക്കുക എന്ന തന്ത്രം.

ഇന്ത്യയുടെ ചരിത്രഗതിയിൽ നവോത്ഥാനമെന്ന സങ്കല്പത്തിനുവന്നു ഭവിച്ച വിപര്യയം പണിക്കർ ഉദാഹരിക്കുന്നത് ശ്രദ്ധാർഹമാണ്. മത ജീവിതത്തെ ഗ്രസിച്ചിരുന്ന തിന്മയുടെയെല്ലാം മൂലകാരണമായി വിഗ്ര ഹാരാധനയെ കണ്ട റാംമോഹൻ റായിയുടെ പിൻമുറക്കാർ സ്ഥാപിത താല്പര്യത്തെ ഊട്ടിവളർത്തുന്നവരായി മാറി. വിഗ്രഹാരാധന, മതത്തെ വഞ്ചനയിൽ അധിഷ്ഠിതമാക്കിയ ഒരു വ്യവസായമാക്കി മാറ്റി. രാമജ ന്മഭൂമി പ്രശ്നം വപ്പോൾ ആര്യസമാജംപോലുള്ള സംഘടനകൾ അങ്ങ നെയാണ് പ്രവർത്തിച്ചത്. മതസംഘടനയുടെ വഞ്ചനയെ തുറന്നുകാ ട്ടിയ രാം മോഹൻ റായിയെ പലപ്പോഴും ഉദ്ധരിക്കുന്ന പണിക്കർ മത ഗ്രന്ഥങ്ങളുടെ അന്യവത്കരണശ്രമങ്ങളുടെ പിന്നിലെ സ്ഥാപിതതാല്പ ര്യങ്ങളെ തുറന്നു കാണിക്കുന്നുണ്ട്.

'യൂറോപ്പിൽ സംഭവിച്ചതിൽ നിന്നും വ്യത്യസ്തമായി, ഇന്ത്യയിൽ നവോത്ഥാനവും ബോധോദയവും ഇഴചേർന്നാണ് വികസിച്ചത്. രണ്ടി നും വിദേശാധിപത്യം സമ്മാനിച്ച പരിമിതികളെ തരണം ചെയ്യാനോ സ്വയമൊരു വികസനപന്ഥാവിന് രൂപംനല്കാനോ കഴിഞ്ഞില്ല. അങ്ങ നെ സമൂഹത്തിൽ യാതൊരു ഫലവും ഉളവാക്കാനാകാത്ത ചാപിള്ളക ളായി നവോത്ഥാനം ഉൾക്കൊണ്ട പല ആശയങ്ങളും.'[4]

നവോത്ഥാനത്തിനു സംഭവിച്ച പരിമിതികളാണ് ഇവിടെ സൂചിത മായിരിക്കുന്നത്. സാമൂഹികശാസ്ത്രത്തിന്റെ രീതിയുപയോഗിച്ചുതന്നെ അദ്ദേഹം നവോത്ഥാനപ്രസ്ഥാനത്തിന്റെ നെടുംതൂണായി പ്രവർത്തിച്ച മദ്ധ്യവർഗം എങ്ങനെ നിലകൊണ്ടു എന്ന് അന്വേഷിക്കുന്നുണ്ട്. അവർ വിദേശഭരണകൂടത്തിന്റെ സേവനമേഖലകളിലായിരുന്നു പ്രവർത്തിച്ചി രുന്നത്. ഉല്പാദന ക്ഷമമല്ലാത്ത ജീവിതവൃത്തികളിൽ ഏർപ്പെട്ടിരുന്ന ഇവർക്ക് സമൂഹത്തിന്റെ സമ്പദ്‌വ്യവസ്ഥയിലോ രാഷ്ട്രീയ വ്യവഹാര ങ്ങളിലോ ഇടപെടുവാൻ കഴിഞ്ഞില്ല. ജ്യോതിബാഫൂലേ, കേശവചന്ദ്ര സെൻ, വിദ്യാസാഗർ, ദയാനന്ദ്, രാംമോഹൻ റായി തുടങ്ങിയവരുടെ യത്നങ്ങളെയും ആശയങ്ങളെയും വളർത്താൻ വളക്കൂറുള്ള മണ്ണില്ലാതെ പോയി. അങ്ങനെ നവോത്ഥാനം പ്രചരിപ്പിക്കാൻ ശ്രമിച്ച മൂല്യങ്ങൾ ക്കു വിരുദ്ധമായി ഇന്ത്യൻ സമൂഹം മാറി. പലപ്പോഴും, ദേശീയവാദിക ളായിരുന്ന രാഷ്ട്രീയനേതാക്കൾ നവോത്ഥാനമുയർത്തിയ സാംസ്കാരിക പ്രശ്നങ്ങൾക്കു വേണ്ടത്ര പരിഗണന നൽകിയില്ല എന്നാണു പണിക്കർ രേഖപ്പെടുത്തുന്നത്. ബംഗാളിൽ രാജാറാം മോഹൻ റായി മുതൽ വിവേ കാനന്ദൻവരെയും പഞ്ചാബിൽ ദയാനന്ദ് മുതൽ ഗുരുദത്ത് വരെയും മഹാ രാഷ്ട്രയിൽ ഭാസ്കർ പാണ്ഡുരംഗ് മുതൽ റാനഡെയും അഗർക്കറുംവരെയും

ദക്ഷിണേന്ത്യയിൽ വീരേസലിംഗം മുതൽ നാരായണഗുരുവരെയും അടങ്ങുന്ന പത്തൊമ്പതാം നൂറ്റാണ്ടിലെ ബൗദ്ധികപാരമ്പര്യം സൂക്ഷ്മമായി നിരീക്ഷണം നടത്തുന്നുണ്ട് പണിക്കർ.

ഇന്നത്തെ ഇന്ത്യൻ അവസ്ഥയിൽ നവോത്ഥാനാശയങ്ങളുടെ പരാജയം വർഗ്ഗീയതയുടെ രൂപത്തിലുള്ള വലതുപക്ഷത്തിന്റേയും ആഗോളവത്കരണത്തിന്റെ വേഷത്തിലുള്ള സാമ്രാജ്യത്വത്തിന്റേയും കാടുകയറ്റമാണെന്നുകൂടി അദ്ദേഹം പറഞ്ഞുവെയ്ക്കുന്നുണ്ട്.

### മാധ്യമങ്ങളുടെ ആവശ്യങ്ങൾ

ഇന്നത്തെ സമൂഹത്തിൽ മാധ്യമങ്ങൾക്കുള്ള പ്രാധാന്യവും എന്നാൽ അവയ്ക്ക് ഇന്നു കൈവന്നിരിക്കുന്ന ദയനീയമായ അവസ്ഥയും കെ.എൻ. പണിക്കർ തന്റെ പ്രഭാഷണങ്ങളിലും എഴുത്തിലും നിരന്തരമായി ആവർത്തിക്കുന്നുണ്ട്. ആവശ്യങ്ങൾ ഉല്പാദിപ്പിക്കുന്ന വിപണനം നിറവേറ്റുന്ന ഇടങ്ങളായി പത്രസ്ഥാപനങ്ങൾ മാറി. 'മുറജപവും അത്താച്ചമയവും തേടിപ്പോകുന്ന ഉണ്ണാമന്മാരുടെ വലിയ പറ്റങ്ങളെ വളർത്തിയെടുക്കുന്ന യന്ത്രങ്ങളാകുവാൻ മാധ്യമങ്ങൾ പരിശീലിപ്പിക്കപ്പെട്ടിരിക്കുന്നു'[5] എന്ന് എം.എൻ. വിജയൻ പറഞ്ഞതും അതുകൊണ്ടാണ്.

മനസ്സിന്റെ മാനേജർമാർ എന്ന് ഹെർബർട് ഷില്ലർ മാധ്യമങ്ങളെക്കുറിച്ച് പറഞ്ഞത് കെ.എൻ. പണിക്കർ ഒരിടത്ത് പ്രസ്താവിക്കുന്നുണ്ട്. മാധ്യമങ്ങൾക്ക് വിധിവാദത്തിന്റെ മനോഭാവം ജനങ്ങളിൽ സൃഷ്ടിക്കാനാവും എന്നതുകൊണ്ടാണിത്. പലപ്പോഴും സമൂഹത്തിൽ സംഭവിക്കുന്ന അപകടകരമായ ആക്രമണോത്സുകമായ ജനാധിപത്യവിരുദ്ധമായ സംഭവങ്ങളോടു മാധ്യമങ്ങളുടെ സമീപനം അതിനേക്കാൾ മാരകമാവാറുണ്ട്. അങ്ങനെ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന അന്തരീക്ഷം സമൂഹത്തിൽ വളരുന്ന വർഗ്ഗീയതയ്ക്കും മതേതരത്തിന്റെ ഭീക്ഷണിയ്ക്കും കാരണമാവാറുണ്ട് എന്നദ്ദേഹം കാണുന്നുണ്ട്. 'രാജ്യത്തിന്റെ യഥാർത്ഥ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാത്ത വികസന സമ്പ്രദായത്തെയും മനോഭാവത്തെയും പിന്തുണക്കുന്ന ബൗദ്ധികാന്തരീക്ഷം സൃഷ്ടിക്കുന്നതിലേക്ക് ഇതുകൊണ്ടെത്തിക്കുമെന്ന് ആശങ്കകൾ ഉയർന്നു. പാവപ്പെട്ടവരെ പാർശ്വവൽക്കരിക്കുന്ന ഒരു വികസനപരിപ്രേക്ഷ്യത്തിന്റെ സാംസ്കാരികമായ പ്രത്യാഘാതം ഇന്ത്യയിലെ മുഖ്യധാരാമാധ്യമങ്ങൾ ഒരു നിയന്ത്രണവുമില്ലാതെ കീഴടങ്ങാമെന്ന സ്ഥിതിവരുത്തി'[6].

മാധ്യമങ്ങൾ ഇത്തരം അപചയത്തിലേക്കു നീങ്ങുന്നത് തീർച്ചയായും ഭീക്ഷണിയുയർത്തുന്നതാണ്. അതു പലതരത്തിലുള്ള സാമൂഹിക

പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. സാമുദായികമായിട്ടും അല്ലാതെയും പല തരത്തിലുള്ള വാർപ്പുമാതൃകകൾ അവർ സാമാന്യബോധത്തിന്റെ ഭാഗമാക്കി മാറ്റുന്നുണ്ട്. എന്നാൽ ചിലർ അബോധപൂർവമായും മാറിപ്പോകുന്നുണ്ട്. ദേശീയത, മതനിരപേക്ഷത തുടങ്ങിയ പരികല്പനകളെക്കുറിച്ചുള്ള തെറ്റായ ബോധത്തെ പ്രതിഷ്ഠിക്കാൻ ഇതുമൂലം കഴിയുന്നു.

സച്ചിദാനന്ദന്റെ പ്രതിപാരായണരീതികൾ

കവിയെന്ന നിലയിലുള്ള ഇടപെടലുകളിലൂടെ ബഹുസ്വരവും ബഹുമുഖ വുമായ തലത്തിൽ എത്തിച്ചേർന്ന ധിഷണാശാലിയായ സച്ചിദാനന്ദന്റെ മുദ്രകൾ ഒരിക്കലും മായ്ക്കാൻ കഴിയാത്തതാണ്. മലയാളത്തിലെ ആധുനികതാപ്രസ്ഥാനത്തിന്റെ ഉച്ചാവസ്ഥയിലാണ് സച്ചിദാനന്ദന്റെ രംഗപ്രവേശം. വ്യക്തിസ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്ന അവസ്ഥകളോടുള്ള വിയോജിപ്പുകൾകൂടിയാണ് അദ്ദേഹത്തിന്റെ കൃതികൾ. ശക്തമായ രാഷ്ട്രീയധാരകൾ രചനയിൽ ലീനമായിരിക്കുമ്പോൾതന്നെ അവയുടെ യാന്ത്രിക സമീപനങ്ങളോട് പോരടിക്കുന്ന രീതിയാണ് അദ്ദേഹത്തിന്റേത്. 'അഞ്ചുസൂര്യൻ' എന്ന ആദ്യകാല കവിതയിൽ നവോത്ഥാനത്തിന്റെ സൂര്യരശ്മി കാണാം. തൊണ്ണൂറുകൾക്കു ശേഷമുള്ള നവസാമൂഹിക അവസ്ഥകളോടുള്ള സച്ചിദാനന്ദന്റെ പ്രതികരണങ്ങൾ അക്കാലത്തെ രചനകളിൽ തെളിഞ്ഞുകാണാം. ഒരു സംസ്കാരപഠനമെന്ന നിലയിലാണ് കാവ്യഭാഷയിൽകൂടി അദ്ദേഹത്തിന്റെ ഇടപെടൽ. 'സാധാരണ മനുഷ്യരിലാണ്, മഹാന്മാരിലല്ല വിമോചനത്തിന്റെ വേരുള്ളത് എന്ന തിരിച്ചറിവ് സച്ചിദാനന്ദൻ പല ഘട്ടങ്ങളിലായി എഴുതിയ കവിതകളിലുണ്ട്'[7] എന്ന് പി. പവിത്രൻ അഭിപ്രായപ്പെടുന്നുണ്ട്.

മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന്റെ വിവിധ കൈവഴികളിലൂടെ പ്രത്യക്ഷപ്പെട്ട സൗന്ദര്യബോധത്തിന്റെ എല്ലാ കാഴ്ചപ്പാടുകളും സച്ചിദാനന്ദൻ വിലയിരുത്തിയിട്ടുണ്ട്. 'നിഷ്പക്ഷമെന്നോ മൂല്യമുക്തമെന്നോ പറയാവുന്ന ഒരു വിധിനിർണ്ണയവുമില്ല. പങ്കാളിത്തമോ പക്ഷപാതിത്വമോ ഇല്ലാത്ത സംസാരംപോലും അസാധ്യമാണ്. നമ്മുടെ അറിവിന്റെ ഉള്ളടക്കംപോലും പ്രത്യേക താല്പര്യങ്ങളിൽനിന്നാണുണ്ടാകുന്നത്. അറിവ് മൂല്യനിരപേക്ഷമാകണമെന്ന വാദംതന്നെ ഒരു മൂല്യസങ്കല്പമുൾക്കൊള്ളുന്നുണ്ട്'[8] എന്നു വിലയിരുത്തുന്നത് സച്ചിദാനന്ദന്റെ കാഴ്ചപ്പാടിന്റെ രീതി വ്യക്തമാക്കുന്നുണ്ട്. സാങ്കേതികവിദ്യയുടെ അതിപ്രസരത്തിൽ ജീവിക്കുന്ന നാം എങ്ങനെ ജനവിരുദ്ധനിലപാടുകളിൽ എത്തുന്നു എന്നുകൂടി, അവബോധരൂപീകരണത്തിന്റെ മേഖലയെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ സച്ചിദാനന്ദൻ സൂചിപ്പിക്കുന്നുണ്ട്. 'ന്യൂനപക്ഷത്തിന് ബഹുഭൂരിക്ഷത്തിന്റെ

വീക്ഷണത്തെയും അഭിപ്രായത്തെയും അഭിരുചികളെയും സ്വാർത്ഥതാല്പര്യങ്ങൾക്കൊത്തു മെരുക്കിയെടുക്കാൻ അവസരം നല്കുന്നതാണ് വൻ സാങ്കേതികസംവേദനതന്ത്രങ്ങളുടെ സവിശേഷത്'.[9] എന്നദ്ദേഹം രേഖപ്പെടുത്തുമ്പോൾ അറിവുകളെ കൈയടക്കിക്കൊണ്ടിരിക്കുന്ന മാധ്യമരംഗത്തെ വാണിജ്യവത്കരണത്തെയാണ് സൂചിപ്പിക്കുന്നത്. നവോത്ഥാന നായകർ അറിവു പ്രചരിപ്പിക്കുവാൻ നിയുക്തരായിരുന്നുവെങ്കിൽ ആധുനികകാലത്ത് അറിവു തിരിച്ചെടുക്കാൻ ശ്രമിക്കുന്നത് മൾട്ടിനാഷണലുകളാണ്. പ്രാദേശികസംസ്കാരങ്ങളെ നശിപ്പിക്കുന്നതിലും കൺസ്യൂമറിസം വളർത്തുന്നതിലും ഒതുങ്ങിനില്ക്കുന്നില്ല, മറിച്ച് നമ്മുടെ അബോധമനസ്സിനെ കോളനികളാക്കി മാറ്റുകയും, നമ്മുടെ സൗന്ദര്യബോധത്തെയും വികാരങ്ങളെയും മാറ്റിത്തീർക്കുകയും ചെയ്യുന്നു. ഇതിനെതിരെയുള്ള പ്രതികരണത്തിന് ഒരേയൊരു മാർഗ്ഗമേയുള്ളൂ. പ്രതിപാരായണതന്ത്രങ്ങൾ സംഘടിപ്പിക്കുക എന്ന ഒരേയൊരു വഴിയാണത് എന്നദ്ദേഹം അടിവരയിടുകയും അതിൽ വ്യാപൃതനാവുകയും ചെയ്യുന്നു.

ഇന്ത്യയിലെയും കേരളത്തിലെയും ഇടതുപക്ഷചിന്തകരെപ്പോലും സാമൂഹ്യപരിവർത്തനത്തെക്കുറിച്ചുള്ള സിദ്ധാന്തവിരോധം Antitheoreticism) ബാധിച്ചിരിക്കുന്നു. സമഗ്രമായ ഒരു സാമൂഹ്യദർശനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സാമൂഹ്യപരിവർത്തനം നടക്കൂ എന്ന് സച്ചിദാനന്ദൻ അഭിപ്രായപ്പെടുന്നുണ്ട്. സത്യം, സ്നേഹം, കാരുണ്യം, ദേശസ്നേഹം തുടങ്ങിയവയെല്ലാം ജനവിരുദ്ധമായി പ്രയോഗിക്കാവുന്ന അർഥങ്ങളാക്കുന്ന സന്ദർഭങ്ങൾക്ക് അദ്ദേഹം ധാരാളം ഉദാഹരണങ്ങൾ നല്കുന്നുണ്ട്. ദേശരക്ഷാമന്ത്രം വംശാധിപത്യമുറപ്പിക്കാനും അഹിംസാതന്ത്രം ജനരോഷത്തെ അടിച്ചമർത്താനും ഉപയോഗിക്കാമെന്ന് സമീപകാല ഇന്ത്യ സാക്ഷ്യം വഹിക്കുന്നുണ്ട്. ഇങ്ങനെ ഇരയെ ഒറ്റപ്പെടുത്തുന്ന പ്രത്യയശാസ്ത്രത്തിന് അനുകൂലമായി ചലിക്കാൻ സാഹചര്യമുണ്ടാക്കുന്ന രാഷ്ട്രീയ ഇടപെടൽ നമുക്കുചുറ്റും നടക്കുന്നതായി സച്ചിദാനന്ദൻ കാണുന്നു. ഇതിനുപുറമെ വർഗ്ഗം, സ്വത്ത്, സ്വത്തുടമ എന്നിങ്ങനെയുള്ള സാമൂഹ്യവസ്ഥകളുടെ മൗലിക ഘടകങ്ങളെ നിരാകരിച്ചുകൊണ്ട് വികസനമാതൃകകളെ 'പാശ്ചാത്യം', 'പൗരസ്ത്യം' എന്നിങ്ങനെ ഉപരിപ്ലവമായി കാണുന്ന Orientalist ചിന്താഗതിയോട് സംശയവീക്ഷണമാണ് സച്ചിദാനന്ദനുള്ളത്.

ബോധനിർമ്മിതിയിൽ മാധ്യമങ്ങളുടെ പങ്കിനെക്കുറിച്ചുള്ള നിരീക്ഷണങ്ങളിൽ അവ പുതിയതലമുറയുടെ വീക്ഷണത്തെ രൂപപ്പെടുത്തുന്നതിന്റെ ചിന്താസമ്പ്രദായത്തെ ശിഥിലീകരിച്ച് അറിവിനെ

വിശേഷവത്കരിക്കുന്നതിനെ 'മത്സ്യം അതിന്റെ ജലത്തെ വിശേഷിച്ചറിയാത്തതുപോലെ, നമ്മുടെ പരിസരത്തെ നമുക്കറിഞ്ഞുകൂടാ. നാം അതിനുള്ളിലാണ്. പുറത്തുകടന്നാലേ നമുക്കതു കാണാനാവൂ. താൻ പുറ്റിനകത്തായിരുന്നുവെന്നറിയാൻ എറുമ്പിൻകുഞ്ഞിനു പുറ്റിനു വെളിയിൽ വന്നേ ഒക്കൂ'[10] എന്നിങ്ങനെ വിവരിക്കുന്നു. കേവലം കേൾവിക്കാരനായി മാറുന്ന മനുഷ്യൻ ഒരു കുടുംബമായി, ഗോത്രസമൂഹത്തിന്റെ അവസ്ഥയിലേക്ക് മാറുന്നു. വർത്തമാന സംസ്കാരത്തെ മനസ്സിലാക്കാൻ ഇന്ദ്രിയാനുഭൂതികളുടെ സാഹസയാത്രകളെക്കുറിച്ച് മനസ്സിലാക്കിയേ തീരൂ എന്ന് അദ്ദേഹം കണ്ടെത്തുന്നുണ്ട്. ആധുനിക മലയാളഭാഷയും സംസ്കാരസങ്കല്പവും നിലനിർത്തിപ്പോരുന്ന മൂല്യസങ്കല്പങ്ങളിലേക്ക് കടന്നുചെല്ലുകയും അവയെ നവീകരിക്കുകയും ചെയ്യുകയാണ് സച്ചിദാനന്ദൻ തന്റെ രചനകളിലൂടെ ചെയ്യുന്നത്. ഭാഷയെയും സാംസ്കാരികചിന്തകളെയും നവീകരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന സച്ചിദാനന്ദൻ സ്വയം നവ്യമായ സംവേദനശീലങ്ങൾ പരിശീലിച്ചുകൊണ്ടിരിക്കുന്നു.

മനുഷ്യവേദനയുടെ ചരിത്രപരവും സാമൂഹികപരവുമായ കാരണങ്ങളിലേക്ക് നോക്കാനും മണ്ണിൽ പണിയെടുക്കുന്നവരെ ചൂഷണം ചെയ്യുന്നവർ പ്രകൃതിയെയും ചൂഷണം ചെയ്യുന്നവരാണെന്നുമുള്ള തിരിച്ചറിവ് സച്ചിദാനന്ദനുണ്ടാവുന്നുണ്ട്. ഇത്തരം അവസ്ഥകളിൽനിന്നും ഉണ്ടായ നൈതികമായ ഉത്കണ്ഠ ഒരു രാഷ്ട്രീയ പാർട്ടിയോടും അടുക്കാൻ അദ്ദേഹത്തെ അനുവദിച്ചില്ല. അതാണ് പ്രത്യയശാസ്ത്രത്തിനപ്പുറമുള്ള ജീവിതത്തിനുവേണ്ടി നിലകൈക്കൊള്ളാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. 'പീഡനത്തിൽനിന്ന് മുക്തിയിലേക്കുള്ള വഴി ഋജുവല്ല. ആത്മവിമർശനപാഠമാണ് നിയതപ്രത്യയശാസ്ത്രത്തിന്റെ മോഹവലയം ഭേദിക്കാൻ സച്ചിദാനന്ദനെ സഹായിച്ചത്'[11] എന്ന റസിയോരാജിന്റെ പ്രസ്താവന അതുകൊണ്ടാണ്.

മാതൃഭാഷാസങ്കല്പത്തിലും നവോത്ഥാനധൈഷണികതയുടെ പാരമ്പര്യം ഉൾക്കൊള്ളുന്ന ആധുനികനാണ് സച്ചിദാനന്ദൻ. 'എന്റെഭാഷ'യിലൂടെ വള്ളത്തോൾ ഉയർത്തിയ ദേശീയഭാഷ എന്ന ആശയം പിന്നീട് പൂവണിയുന്നത് സച്ചിദാനന്ദനിലാണ്. വിപുലമായ ലോകസഞ്ചാരങ്ങളിലൂടെ സച്ചിദാനന്ദൻ കൈവരിച്ച അന്തർദ്ദേശീയ ബോധത്തിൽ തന്റെ മാതൃഭാഷാബോധം എങ്ങനെ പ്രവർത്തിക്കുന്നു എതിന്റെ തെളിവായി 'എന്റെഭാഷ' എന്നപേരിൽ തന്നെ എഴുതിയ കവിത വ്യക്തമാക്കുന്നുണ്ട്. 'കേരളത്തിനെ അധിനിവേശത്തിന്റെയും ജാത്യാചാരത്തിന്റേയും ഇരുൾക്കുണ്ടിൽനിന്നും കരകയറാനുള്ള പിടിക്കയറാണ്

വള്ളത്തോളിന്റ മലയാളമെങ്കിൽ, മറ്റൊരു ഭൂഖണ്ഡത്തിൽ നിന്നു തന്നെ വളഞ്ഞ 'അപരിചിതഭാഷകൾ'ക്കിടയിലെ വാത്സല്യം നിറഞ്ഞ കവിതയാണ സച്ചിദാനന്ദന്റെ മലയാളം'[12] എന്ന് ഡോ. പി.പി. പ്രകാശൻ പറയുന്നത് അർഥവത്താകുന്നത് മേല്പറഞ്ഞ കാരണങ്ങൾകൊണ്ടുതന്നെയാണ്. അവസാനിക്കാത്ത യാത്രകളിലൂടെ സച്ചിദാനന്ദൻ നടത്തുന്നതും ഒരിക്കലും അവസാനിക്കാത്ത ധൈഷണിക പ്രവർത്തനംതന്നെയാണ്.

## കാഴ്ചപ്പാടിൽ മറഞ്ഞിരിക്കുന്ന തത്വശാസ്ത്രം

കേരളീയസമൂഹത്തിൽ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന മുതലാളിത്ത വ്യവസ്ഥയുടെ പരോക്ഷ ഇടപെടലിന്റെയും പ്രവർത്തനത്തിന്റെയും അടയാളങ്ങളെ ധാരാളം ലേഖനങ്ങളിലൂടെ ചൂണ്ടിക്കാണിച്ചുതരുന്ന ഗ്രന്ഥകർത്താവാണ് ബി. രാജീവൻ. ചരിത്രസംഭവങ്ങളുടെയും വ്യക്തിചരിത്രങ്ങളുടെയും പിൻബലത്തോടെ നവോത്ഥാനപൈതൃകം വിലയിരുത്തുന്ന ഒരു രീതി ശ്രീ. രാജീവൻ പിന്തുടരുന്നതായി കാണാം. ഗാന്ധിജിയിലൂടെയും വിവേകാനന്ദനിലൂടെയും ഒഴുകിവന്ന നവോത്ഥാനധാര സ്വാതന്ത്ര്യലബ്ധിയോടെ പ്രതിസന്ധിയിലായി. അതിനുകാരണം ജനാധിപത്യവിരുദ്ധശക്തികളുടെ സ്വാധീനമാണ് എന്നദ്ദേഹം പറയുന്നുണ്ട്.

സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലെ ജനങ്ങൾ ഒരു രാഷ്ട്രീയാസ്തിത്വ ശൂന്യത നേരിടുന്നവരായി മാറി. ആ ശൂന്യത നികത്തുന്നത് സാംസ്കാരിക വ്യവസായമാണ്. അത് പലതരത്തിൽ ജനങ്ങൾക്കുമുമ്പിൽ എത്തിക്കൊണ്ടിരിക്കുന്നു. നവോത്ഥാനപ്രസ്ഥാനത്തിന്റെ ശക്തി ഏല്ക്കാത്ത സ്ഥലങ്ങൾ അവയ്ക്ക് വളക്കൂറുള്ള മണ്ണാണ്. എന്നാൽ കേരളജനതയിലേക്ക് അവയ്ക്ക് അത്ര പെട്ടെന്നു കടക്കാൻ പറ്റിയില്ലയെങ്കിലും സമകാലികാവസ്ഥ അവയുടെ സ്വാധീനം വ്യക്തമാക്കിക്കഴിഞ്ഞു. പുതിയ തലമുറയെ ഉപഭോഗസംസ്കാരത്തിന് അടിമയാക്കിക്കൊണ്ട് അവരിൽ പിടിമുറിക്കിയിരിക്കുന്നു. മൂന്നു ദശാബ്ദങ്ങൾക്കു മുമ്പ് കേരളത്തിൽ സ്ത്രീകളായിരുന്നു രാഷ്ട്രീയ ജീവിതവ്യവഹാരത്തിൽനിന്ന് ഒഴിഞ്ഞുമാറിയിരുന്നതെങ്കിൽ ഇന്നു പുതുതലമുറ മുഴുവനും അരാഷ്ട്രീയതയുടെ സങ്കുചിത കാഴ്ചപ്പാട് പിന്തുടർന്നുനില്ക്കാൻ താല്പര്യം കാണിക്കുന്നു.

കേരളീയസമൂഹത്തിൽ വന്നുപതിച്ചിരിക്കുന്ന നവഅധിനിവേശ ആധിപത്യത്തിന്റെ സ്വഭാവഘടന പരിശോധിക്കുന്നവയാണ് മിക്ക ലേഖനങ്ങളിലും രാജീവൻ. നമ്മുടെ ജീവിതരീതികളും അഭിരുചികളും എങ്ങനെയാണ് അന്താരാഷ്ട്ര ധനമൂലധനം ഉപയോഗപ്പെടുത്തുന്നത്

എന്നു രാജീവൻ വിശദീകരിക്കുന്നുണ്ട്. പഴയ ആയുധങ്ങൾകൊണ്ടൊന്നും മനുഷ്യനു വന്നുചേർന്ന ഈ അവസ്ഥയെ മാറ്റിത്തീർക്കാൻ കഴിയില്ല. നമ്മുടെ സാംസ്കാരികമേഖലയിൽ കാട്ടുകയറിയ ഈ ധനമൂലധനവ്യാപനത്തെ ചെറുക്കാൻ പുതിയ ആയുധങ്ങളാൽ നാം സജ്ജരാകേണ്ട ആവശ്യം അദ്ദേഹം അടിവരയിടുന്നുണ്ട്.

### ഉപഭോഗസംസ്കാരത്തിന്റെ ഉത്ഭവം

മലയാളിയുടെ ഉപഭോഗസംസ്കാരത്തിന്റെ ഉത്തരവാദിത്തം ബഹുരാഷ്ട്രകുത്തകകളുടെ തലയിൽ കെട്ടിവെക്കേണ്ട എന്നാണ് രാജീവന്റെ അഭിപ്രായം. 'ആവശ്യങ്ങൾ കൃത്രിമമായി സൃഷ്ടിക്കപ്പെടണമെങ്കിൽ അതിന്നാസ്പദമായി ദുർബലപ്പെട്ട ഒരു ധൈഷണിക-ധാർമ്മിക ബോധഘടന നിലനില്ക്കണം. കാരണം മുതലാളിത്ത കമ്പോളം അതിന്റെ വ്യവസ്ഥപരമായ നിയമങ്ങളിലൂടെ മാത്രമല്ല നിലനില്ക്കുന്നത്. മനുഷ്യന്റെ അനുഭവങ്ങൾക്ക് അർഥം കൊടുക്കുന്ന നിശ്ചിത ഭാവുകത്വഘടനകളിലൂടെയാണ് ഏതു സാമൂഹ്യവ്യവസ്ഥയുടെയും നിയമങ്ങൾ ജീവിതയാഥാർത്ഥ്യങ്ങളായി മാറുന്നത്.[13]

മലയാളിയുടെ ധൈഷണിക കാപട്യം വെട്ടിത്തുറന്നു വെളിവാക്കുകയാണ് രാജീവൻ. സത്യത്തിൽ മലയാളിയുടെ മനസ്സ് മാധ്യമങ്ങളുടെയും ഉപഭോഗവസ്തുക്കളുടെയും ചന്തപ്പറമ്പായി മാറുകയാണുണ്ടായത്. അവർ ധാർമ്മികമായ ഇച്ഛാശക്തിയില്ലാത്ത പൗരസമൂഹമായി മാറി. അവൻ സ്വന്തം ഇച്ഛയെപ്പോലും തിരിച്ചറിയാൻ കഴിയാത്ത 'ധിഷണാശാലി'യായിമാറുകയാണ്.

കേരളത്തിന്റെ ആശയവിനിമയരംഗത്തുണ്ടായിരുന്ന നവോത്ഥാന മൂല്യങ്ങളെയും ഗുണപരമായ പരിവർത്തനത്തിന്റെ എല്ലാ സാധ്യതകളെയും മുതലാളിത്തമൂലധനവും അതിന്റെ താല്പര്യങ്ങളും പൂർണ്ണമായും വിലയ്ക്കെടുത്തു. മനസ്സിന്റെ അബോധതലങ്ങളെ നിയന്ത്രിക്കുന്ന മഹാശക്തിയായി അതു മാറുകയും മനുഷ്യമനസ്സിൽ പ്രത്യയശാസ്ത്രപരമായ ഒരു കടന്നാക്രമണംനടത്തി വിജയിക്കുകയും ചെയ്തു. അവ സൃഷ്ടിച്ച ജീവിതമൂല്യവും സൗന്ദര്യബോധവും ബഹുജനങ്ങൾ ആവേശപൂർവ്വം ഏറ്റെടുത്തു. അവയുടെ നിരന്തര സ്വാധീനഫലമായി സമാന്തരമാധ്യമങ്ങൾപോലും അവയ്ക്കരികുപറ്റി കഴിയേണ്ടിവന്നു. ലോകവാർത്താമാധ്യമശൃംഖലയടക്കമുള്ളവ സാമ്രാജ്യത്വത്തിന്റെ കൈകളിൽ കേന്ദ്രീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. 'പരസ്പര സ്നേഹത്തിലും സമത്വത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ സാമൂഹ്യജീവിതമൂല്യങ്ങളെ മുഴുവൻ

അർത്ഥശൂന്യമാക്കുന്ന തരത്തിലുള്ള ആശയപ്രചരണങ്ങൾ ലോകത്തെ മ്പാടും തുടങ്ങിക്കഴിഞ്ഞു'[14].

വിപ്ലവത്തെക്കുറിച്ചും സമൂഹമാറ്റത്തെക്കുറിച്ചും കഴിഞ്ഞ നൂറ്റാണ്ടിൽ നമുക്കുണ്ടായിരുന്ന എല്ലാ സങ്കല്പങ്ങളും കീഴ്മേൽ മറിഞ്ഞിരിക്കുന്നു. മുതലാളിത്ത മൂലധനം ഇന്നു ലോകംമുഴുവൻ ഒരു സാമ്രാജ്യത്വഘടകമാക്കി മാറ്റി. ഇന്ന് എല്ലാ ജനകീയപ്രസ്ഥാനങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ വിധേയത്വത്തോടെ കാണുന്നഒരു പരോക്ഷ യാഥാർത്ഥ്യത്തിനു മുന്നിലാണു നാം. ഈ പരിതഃസ്ഥിതിയിൽ മേല്പറഞ്ഞ മൂന്നു കേരളീയചിന്തകരായ എഴുത്തുകാരുടെയും വ്യവഹാരമേഖലകളും പരികല്പനാരീതികളും വ്യത്യസ്തങ്ങളാണെങ്കിലും കേരളസമൂഹത്തെക്കുറിച്ചുള്ള ആശങ്കകൾ പങ്കുവെയ്ക്കുന്നതിൽ ഒരേ പാരമ്പര്യമാണവർ പുലർത്തുന്നത്. കാഴ്ചപ്പാടിൽ പ്രത്യയശാസ്ത്രനിരാസം മറഞ്ഞിരിക്കുന്ന ആധുനിക കേരളീയ ധൈഷണികസമൂഹത്തിലെ വൈരുദ്ധ്യങ്ങളെ വെളിവാക്കാൻ ചരിത്രം, നരവംശശാസ്ത്രം, മനഃശാസ്ത്രം, മാർക്സിയൻ സൗന്ദര്യശാസ്ത്രം എന്നീ മാനദണ്ഡങ്ങൾ മൂന്നുപേരും ഉപയോഗിക്കുന്നുണ്ട്.

കുറിപ്പുകൾ

1. പണിക്കർ, കെ.എൻ., 'നവോത്ഥാനത്തിന് എന്തുപറ്റി—യുക്തിയുടെ സമകാലിക പ്രസക്തിയെപ്പറ്റി', 'സാംസ്കാരിക ഭൗതികവാദം', (പ്രസാ: സാഹിത്യപ്രവർത്തക സഹകരണ സംഘം, വിതരണം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, ഡിസംബർ, 2013) പുറം. 134.
2. അതേ പുസ്തകം. പുറം. 131.
3. പണിക്കർ, കെ.എൻ., 'പുതിയ സാംസ്കാരികാഭിരുചിയുടെ നിർമ്മിതി', 'സാംസ്കാരികവും ദേശീയതയും' (പ്രസാ. കറന്റ് ബുക്ക്സ്, തൃശ്ശൂർ, ഡിസംബർ, 2010) പുറം. 116.
4. പണിക്കർ, കെ.എൻ., 'ഇന്ത്യൻ നവോത്ഥാനത്തിനു സംഭവിച്ചതെന്ത്?—സംവാദത്തിന്റെ സാധ്യതയും അഭാവവും', 'തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ', എഡി. പി.പി. ഷാനവാസ്. (പ്രസാ. സാഹിത്യഅക്കാദമി. തൃശ്ശൂർ, 2010 മെയ്) പുറം. 178.
5. വിജയൻ, എം.എൻ., 'മനസ്സും മാധ്യമങ്ങളും', 'എം.എൻ. വിജയൻ സമ്പൂർണ്ണകൃതികൾ', വാല്യം പത്ത് (പ്രസാ. കറന്റ് ബുക്ക്സ്, തൃശ്ശൂർ, ഒക്ടോ. 2009), പുറം. 460.
6. പണിക്കർ, കെ.എൻ., 'മനസ്സിന്റെ മാനേജർമാർ'—മാധ്യമങ്ങളുടെ ധൈഷണിക പ്രസക്തി നഷ്ടമാകുന്നതിനെക്കുറിച്ച്', 'സാംസ്കാരിക ഭൗതികവാദം'. എഡി. പി.പി. ഷാനവാസ്, (പ്രസാ. സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2013, ഡിസംബർ, വിതരണം. നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം) പുറം. 138.

7. പവിത്രൻ. പി, 'കറുത്ത സൂര്യന്റെ ബൗദ്ധായനങ്ങൾ, 'ആലിലയും നെൽക്കതിരും—സച്ചിദാനന്ദന്റെ സഞ്ചാരപഥങ്ങൾ, എഡി. ഡോ. പി. സുരേഷ് (പ്രസാ. പ്രോഗ്രസ് ബുക്ക്സ്, കോഴിക്കോട്, 2016 ജൂലൈ, പുറം. 113.
8. സച്ചിദാനന്ദൻ, 'വായനയുടെ രാഷ്ട്രീയം, സംസ്കാരത്തിന്റെ രാഷ്ട്രീയം'. (പ്രസാ. ലീഡ് ബുക്ക്സ്, കോഴിക്കോട്, 2013, (ജൂ 5), പുറം, 40-41.
9. സച്ചിദാനന്ദൻ, 'മാധ്യമങ്ങളുടെ രാഷ്ട്രീയം', 'സംസ്കാരത്തിന്റെ രാഷ്ട്രീയം', (പ്രസാ. ലീഡ് ബുക്ക്സ്, കോഴിക്കോട് ജൂ 2013), പുറം. 75.
10. സച്ചിദാനന്ദൻ, 'മാർഷൽ മക്‌ലൂഹൻ ഒരു ചരമക്കുറിപ്പ്', സംസ്കാരത്തിന്റെ രാഷ്ട്രീയം, (പ്രസാ. ലീഡ് ബുക്ക്സ്, കോഴിക്കോട്, ജൂ 2013) പുറം. 107.
11. റിസിയോ രാജ്, 'ആലിലയും നെൽക്കതിരും'—സമകാലീന ഇന്ത്യൻ കവിതയിലെ സച്ചിദാനന്ദമുദ്ര', ആലിലയും നെൽക്കതിരും—സച്ചിദാനന്ദന്റെ സഞ്ചാരപഥങ്ങൾ, എഡി. പി. സുരേഷ് (ഡോ.) (പ്രസാ. പ്രോഗ്രസ് ബുക്ക്സ്, കോഴിക്കോട്, ജൂലൈ 2016) പുറം. 139.
12. പ്രകാശൻ, പി.പി., (ഡോ.) 'കാവ്യഭാഷയിലെ രാഷ്ട്രീയജീവിതം'. 'ആലിലയും നെൽക്കതിരും—സച്ചിദാനന്ദന്റെ സഞ്ചാരപഥങ്ങൾ (പ്രസാ. പ്രോഗ്രസ് ബുക്ക്സ്. കോഴിക്കോട്, എഡി. പി. സുരേഷ് (ഡോ.) 2016 ജൂലൈ), പുറം. 250.
13. രാജീവൻ, ബി., 'ബുദ്ധിജീവികളുടെ കോമാളിവേഷം', 'വാക്കുകളും വസ്തുക്കളും' (പ്രസാ. ഡി.സി. ബുക്സ്, കോട്ടയം 2011 മാർച്ച്) പുറം. 369.
14. രാജീവൻ. ബി. 'നവകൊളോണിയൽ കർത്തൃത്വം' 'വാക്കുകളും വസ്തുക്കളും' (പ്രസാ. ഡി.സി. ബുക്സ് കോട്ടയം, മാർച്ച് 2011) പുറം. 334.

## ആനുകാലിക പ്രസിദ്ധീകരണങ്ങൾ

1. വിജയൻ, എം.എൻ., (ജനറൽ എഡിറ്റർ) 'നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം' 1901-2000 വാല്യം രണ്ട്, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, ജനവരി 2000.

## ഗ്രന്ഥസൂചി

1. ഉണ്ണികൃഷ്ണൻ, പി.വി., അനുഭവങ്ങൾ നരീക്ഷണങ്ങൾ, ഓപ്പ ബുക്ക്സ്, കോഴിക്കോട്.
2. പണിക്കർ, കെ.എൻ., (ഡോ.) സാംസ്കാരികഭൗതികവാദം. എഡി. പി.വി. ഷാനവാസ്, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2013.
3. പണിക്കർ, കെ.എൻ., സംസ്കാരവും ദേശീയതയും, കറന്റ് ബുക്ക്സ്, തൃശ്ശൂർ, 2010.
4. പണിക്കർ, കെ.എൻ., തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ. കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2010.
5. ശങ്കരൻ തായാട്ട്, ഭാരതീയ നവോത്ഥാനത്തിന്റെ രൂപരേഖ, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ, 2000.

6. സച്ചിദാനന്ദൻ, കെ., അനുഭവം, ഓർമ്മ, യാത്ര, ഒലീവ് പബ്ലിക്കേഷൻ കോഴിക്കോട്, ഫെബ്രുവരി 2013.

7. സർദാർകുട്ടി ഇ. പുരോഗമനസാഹിത്യനിരൂപണം. കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1993.

8. സച്ചിദാനന്ദൻ, കെ., ദർശനങ്ങളുടെ ഋതുഭേദങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഡിസംബർ 2010.

9. സച്ചിദാനന്ദൻ, കെ., സംസ്കാരത്തിന്റെ രാഷ്ട്രീയം. ലീഡ്ബുക്ക്സ് കോഴിക്കോട് 18, ജൂ 2013.

10. സുരേഷ്, പി., (സമ്പാദകൻ) ആലിലയും നെൽക്കതിരും, സച്ചിദാനന്ദന്റെ സഞ്ചാരപഥങ്ങൾ, പ്രോഗ്രസ് ബുക്ക്സ്, കോഴിക്കോട്, ജൂലൈ 2016.

11. ഹൃദയകുമാരി, ബി., നവോത്ഥാനം ആംഗലസമൂഹത്തിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2004.